# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 192: 18/12/2012- ൽ മറുപടിക്ക്

## സ്വദേശി വ്യവസായങ്ങളുടെ സംരക്ഷണം

**ചോദ്യം** **ഉത്തരം**

**ശ്രീ. റ്റി. വി. രാജേഷ് :**
**,, എ. കെ. ബാലൻ :**
**,, പുരുഷൻ കടലുണ്ടി:**
**,, സാജു പോൾ:**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വദേശി വ്യവസായങ്ങളെ സംരക്ഷിക്കാത്തതുമൂലം മറ്റു സംസ്ഥാനങ്ങളിലേക്ക് അവ മാറ്റപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സ്വദേശി വ്യവസായങ്ങളെ സംരക്ഷിക്കുന്നതു സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ ; | (ബി) | സ്വദേശിയ വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനു സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.<br>(എ) ഉല്പാദനവും തൊഴിലവസരങ്ങളും തമ്മിലുള്ള പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിനായി പരമ്പരാഗത തൊഴിൽ മേഖലയെ സാമ്പത്തികമായി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പരമ്പരാഗത തൊഴിൽ മേഖലകളിൽ നിന്നും കൂടുതൽ ഉല്പാദന ക്ഷമതയുള്ള മേഖലകളിലേക്ക് തൊഴിലാളികളെ ഉപയോഗിക്കാൻ കഴിയുന്നതു വഴി അവരുടെ വരുമാനവും ജീവിത നിലവാരവും ഉയർത്താൻ സാധിക്കും.<br>(ബി) പരിസ്ഥിതിക്ക് അനുയോജ്യമായതും, പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ചുള്ളതുമായ |

ഉയർന്ന തൊഴിൽ അവസരങ്ങൾക്ക് ഊന്നൽ കൊടുക്കും.

(സി) തൊഴിലാളികൾക്ക് ആവശ്യമായ വേതനം/റിട്ടയർമെന്റ് ആനുകൂല്യങ്ങൾ മുതലായവ ഉറപ്പാക്കും.

(ഡി) കരകൗശലം, കശുവണ്ടി ഖാദി, കൈത്തറി, കയർ എന്നീ ഉല്പാദനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കും.

(ഇ) പരമ്പരാഗത ഉല്പന്നങ്ങൾക്കായുള്ള വിപുലമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കും.

ഭക്ഷ്യ സംസ്കരണം, വനാധിഷ്ഠിത വ്യവസായം, ബയോടെക്നോളജി, നാനോ ടെക്നോളജി അധിഷ്ഠിത വ്യവസായങ്ങൾ മുതലായ വ്യവസായ മേഖലകളിൽ കൂടുതൽ നിക്ഷേപവും തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഭക്ഷ്യ സംസ്കരണ മേഖലയിൽ കൂടുതൽ ക്ലസ്റ്റർ വികസന പദ്ധതികൾ നടപ്പിലാക്കുന്നതാണ്. പരിസ്ഥിതി സംരക്ഷണത്തിനും സാമ്പത്തിക വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി സർക്കാർ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കും.

ഏലം, കുരുമുളക്, കാപ്പി, തേയില, നാളികേരം, സമുദ്രോൽപ്പന്നങ്ങൾ, ശുദ്ധ ജല മത്സ്യവിഭവങ്ങൾ, ക്ഷീര വികസനം മുതലായ ഉല്പന്നങ്ങളുടെ സംസ്കരണവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതാണ്.

ആരോഗ്യം, വ്യവസായം, പരിസ്ഥിതി, കൃഷി, ഊർജം, നിർമ്മാണം മുതലായ രംഗങ്ങളിൽ നൂതന സാങ്കേതിക വ്യവസായങ്ങൾ ആരംഭിക്കുന്നതാണ്.

സാങ്കേതിക വിദ്യയിലധിഷ്ഠിതമായ വ്യാപാര വികസന മാതൃകയിലൂടെ സർക്കാർ ആഭ്യന്തര സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതാണ്.

ചെറുകിട വ്യവസായികൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ വിപണിയേക്കാൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുകയും ചെറുകിട വ്യവസായികളുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുകയും ചെയ്തു വരുന്നു.

വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ നിക്ഷേപങ്ങൾ കൂടുതലായി ആരംഭിക്കുന്നതാണ്. ഇവ കൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി

| | | | |
|---|---|---|---|
| | | | വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ വ്യവസായ പാർക്കുകളിലും ലഭ്യമാക്കിയിട്ടുണ്ട്. കൈത്തറി മേഖലയിൽ സ്വദേശി വ്യവസായത്തെ സംരക്ഷിക്കുന്നതിനായി തൊഴിലാളികൾക്ക് കൂടുതൽ ദിനം വർദ്ധിച്ച നിരക്കിൽ കൂലി ലഭിക്കുന്നതിനും വൈവിധ്യമാർന്ന കൈത്തറി ഉല്പന്നങ്ങൾ നിർമ്മിച്ച് ദേശീയ, അന്തർദേശീയ തലത്തിൽ വിറ്റഴിക്കുക എന്നതാണ് ലക്ഷ്യമാക്കുന്നത്. |
| (സി) | ദശകങ്ങളായി പ്രവർത്തിക്കുന്നതും വിദേശ നാണ്യം നേടിത്തന്നുകൊണ്ടിരിക്കുന്നതുമായ വ്യവസായ സ്ഥാപനങ്ങൾ സർക്കാർ സംവിധാനങ്ങളുടെ തെറ്റായ ഇടപെടലുകൾമൂലം സംസ്ഥാനത്തു നിന്നും പ്രവർത്തനം മാറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സർക്കാരിന്റെ നയങ്ങൾ മൂലം സ്ഥാപനങ്ങൾ മറ്റു സംസ്ഥാനങ്ങളിലേക്ക് പ്രവർത്തനം മാറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ